ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണൽ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തുന്നത് എപ്രകാരം ആണെന്ന് വിശദീകരിക്കുമോ;

(ബി) കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗുണഭോക്താവ്, വോളന്ററി സംഘടനകൾ തുടങ്ങിയവർ ഈ പദ്ധതിയിലേയ്ക്ക് എത്ര രൂപ വീതമാണ് നൽകേണ്ടത്;

(സി) ഒരു വീടിന് അനുവദിക്കുന്ന തുക എത്രയാണ്;

(ഡി) ഈ പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ)&(ബി) 1999-2000 വർഷത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 'തണൽ' ഭവനപദ്ധതിയിൻ കീഴിൽ 30,000 വീടുകൾ നിർമ്മിക്കുന്നതിനായി 90 കോടി രൂപ സംസ്ഥാന സഹകരണബാങ്ക് വഴി വായ്പയായി ജില്ലാ പഞ്ചായത്ത് സ്വരൂപിക്കുകയും ഈ വായ്പ തിരിച്ചടയ്ക്കുന്നതിനായി ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ജില്ലാ ട്രഷറിയിൽ 11 വർഷത്തേയ്ക്ക് നിക്ഷേപിക്കുന്ന തുകകൊണ്ട് വായ്പ തുക തിരിച്ചടയ്ക്കുവാൻ കഴിയും. വായ്പാപലിശ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വർഷന്തോറും അവയുടെ പദ്ധതിവിഹിതത്തിൽനിന്നും തിരിച്ചടയ്ക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം സന്നദ്ധസേവനം എന്നിവയുടെ 17.24 കോടി രൂപ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) 37,500 രൂപ നിർമ്മാണചെലവ് പ്രതീക്ഷിക്കുന്ന ഒരു വീടിനായി പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് 30,000/- രൂപയുടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 35,000/- രൂപയും നൽകും.

(ഡി) വാസയോഗ്യമായ സ്വന്തം വീടില്ലാത്തവരും, ഗ്രാമങ്ങളിൽ കുറഞ്ഞത് 2 സെന്റും; നഗരപ്രദേശങ്ങളിൽ 1½ സെന്റ് ഭൂമിയെങ്കിലും ഉള്ളവരും; ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമായ ഗുണഭോക്താക്കളെ ഗ്രാമ/ വാർഡ് സഭകൾ മുൻഗണന നിശ്ചയിച്ച് തെരഞ്ഞെടുക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

14 (*434) സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി സ്വകാര്യ വ്യവസായ സംരംഭകർക്ക് നൽകുന്ന പദ്ധതി

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗവൺമെന്റ് സ്ഥലമെടുത്ത് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി സ്വകാര്യ വ്യവസായ സംരംഭകർക്ക് കൈമാറുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ:

(ബി) ഇതിനായി എത്രകോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതി വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടി എന്തെല്ലാമാണ്;

(എഫ്) വനിതാ വ്യവസായ സംരംഭകർക്ക് ഈ പരിപാടിയുടെ കീഴിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകുമോ: വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിൽ കെ.എസ്.ഐ.ഡി.സി. മുഖാന്തിരം സ്ഥാപിക്കുന്ന വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, ഗവൺമെന്റ് സ്ഥലമെടുത്ത് വ്യവസായം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി വ്യവസായസംരംഭകർക്ക് കൈമാറുന്ന പദ്ധതികളാണ്. കൂടാതെ വിവിധ ജില്ലകളിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ 12-ഓളം വ്യവസായ പാർക്കുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. വ്യവസായ സംരംഭകർക്ക് ആവശ്യമായ രീതിയിൽ വികസിപ്പിച്ചെടുത്ത സ്ഥലം, വൈദ്യുതി, മറ്റ് അടിസ്ഥാന ഘടകങ്ങളായ ജലം, വാർത്താവിനിമയ സൗകര്യങ്ങൾ, ബിസിനസ് സെന്റർ, എക്സിബിഷൻ സെന്റർ, കോൺഫറൻസ് ഹാൾ, ആരോഗ്യപരിപാലനകേന്ദ്രം, കാന്റീൻ, ബാങ്ക്, പോസ്റ്റാഫീസ്, സുരക്ഷാ സൗകര്യങ്ങൾ എന്നിവ ഈ പാർക്കുകളിൽ ലഭ്യമായിരിക്കും. വ്യവസായ വകുപ്പിന്റെ കീഴിൽ പത്തനംതിട്ട, വയനാട് എന്നീ ജില്ലകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വ്യവസായ വികസന ഏരിയ/പ്ലോട്ട് എന്നിവ നിലവിലുണ്ട്. ഇവിടങ്ങളിൽ എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും വികസിപ്പിച്ച സ്വകാര്യവ്യക്തികൾക്ക് വ്യവസായം തുടങ്ങുന്നതിനായി ഭൂമി നൽകുന്നു.

(ബി)

കിൻഫ്രാ	–	196.318 കോടി
കെ.എസ്.ഐ.ഡി.സി.	–	172 കോടി
ഡി.ഐ.സി.	–	2.30 കോടി
ആകെ	–	370.618 കോടി രൂപാ ചെലവു പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്.

(ഡി) കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ തൃപ്തികരമായി പുരോഗമിച്ചുവരുന്നു. കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ സഹകരണ മേഖലയിലുള്ള റബ്കോ ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു. സ്വകാര്യ മേഖലയിലുള്ള ഇൻടെക് ആരോമാറ്റിക്, നാളീകേര സംസ്കരണ സ്ഥാപനം എന്നീ

LIBRARY ARCHIVES Kerala Legislative Assembly

വയും ഉടൻ പ്രവർത്തനം ആരംഭിക്കും. ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള വ്യവസായ പാർക്കുകളിൽ മിക്കവയിലും വ്യവസായികൾക്ക് ഭൂമി അലോട്ട് ചെയ്തു തുടങ്ങിയിട്ടുണ്ട്.

വ്യവസായ ഡയറക്ടറുടെ കീഴിൽ 14 വ്യവസായ വികസന ഏരിയാകൾ, 18 വ്യവസായ വികസന പ്ലോട്ടുകൾ, ഓമോ കെമിക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവയും സംസ്ഥാനമൊട്ടാകെ 77 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റും പ്രവർത്തിക്കുന്നുണ്ട്.

(ഇ) മേൽപറഞ്ഞ പദ്ധതികൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് കൂടുതൽ ഫണ്ട്, സ്ഥലസൗകര്യം ഇവ ലഭ്യമാകേണ്ടതുണ്ട്. ഇതിനായി ശ്രമിച്ചുവരുന്നു.

(എഫ്) പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

15 (*435) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളും വസ്തുവകകളും

ശ്രീ. ഡൊമനിക്ക് പ്രസന്റേഷൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ഉടമസ്ഥത ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(ബി) ഇപ്രകാരം കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും വസ്തുവകകളും നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ഇവയുടെ അറ്റകുറ്റപ്പണികളും പുതുക്കലും മറ്റും നടത്തേണ്ടത് ആരാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളുടെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥത സർക്കാരിൽ തന്നെയാണ് നിക്ഷിപ്തമായിട്ടുള്ളത്. അവയുടെ നടത്തിപ്പ് ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ബി) സർക്കാർ കൈമാറിയ വസ്തുവകകൾ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്താനോ കടപ്പെടുത്താനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല എന്ന് പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ കർശനമായ നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly